# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഏപ്രിൽ 24

# വാർത്താക്കുറിപ്പ്

## സർവകലാശാല കാമ്പസിലെ വിദ്യാർഥികൾ ഹോസ്റ്റലിലേക്ക് മടങ്ങിവരരുത്

മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ പഠനവകുപ്പുകളിൽ പഠിക്കുന്ന വിദ്യാർഥികൾ ഹോസ്റ്റലുകളിലേക്ക് മടങ്ങിവരരുതെന്നും സർവകലാശാല അറിയിപ്പ് ലഭിക്കുമ്പോൾ മാത്രമേ എത്താവൂവെന്നും രജിസ്ട്രാർ അറിയിച്ചു. പഠനവകുപ്പുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട അറിയിപ്പ് ലഭിച്ചതിനു ശേഷമേ വിദ്യാർഥികൾ ഹോസ്റ്റലുകളിലേക്ക് മടങ്ങിയെത്താവൂ. സർവകലാശാല പഠനവകുപ്പുകളുടെ വാർഷിക അവധി മെയ് 15 വരെയായി പുനഃക്രമീകരിച്ചിരുന്നു. വാർഷിക അവധിക്കുശേഷം മെയ് 18 മുതൽ സർവകലാശാല പഠനവകുപ്പുകൾ തുറക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് പിന്നീട് അറിയിപ്പ് നൽകും.

(പി.ആർ.ഒ/39/472/2020)

## പരീക്ഷ ഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആൻഡ് ഡയറ്ററ്റിക്സ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/473/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ